**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3714** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ ഹാച്ചറിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിൽ ആർ.കെ.വി.വൈ. പ്രകാരം നിർമ്മാണ പ്രവൃത്തി ആരംഭിച്ച ഹാച്ചറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ആർ.കെ.വി.വൈ പദ്ധതി പ്രകാരം നിർമ്മാണ പ്രവർത്തി ആരംഭിച്ച ഹാച്ചറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ചിട്ടില്ല. ശുദ്ധജലം, വൈദ്യുതി, ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല. |
| (ബി) | പൂർണ്ണമായും പ്രവർത്തനസജ്ജമാകുമ്പോൾ എന്തെല്ലാം സൗകര്യങ്ങൾ പ്രസ്തുത ഹാച്ചറിയിൽ ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | എടവണ്ണ ഹാച്ചറി പൂർണ്ണമായി പ്രവർത്തന സജ്ജമാകുമ്പോൾ ആഴ്ച തോറും 30,000 മുതൽ 40,000 വരെ മുട്ടകൾ അടവെക്കുവാനും വർഷത്തിൽ 8 മുതൽ 10 ലക്ഷം വരെ മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും അത്ര തന്നെ മാംസാവശ്യത്തിനായുള്ള കോഴികളെയും ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ നിലമ്പൂർ, പെരിന്തൽമണ്ണ എന്നീ താലൂക്കുകളിലെ മുട്ടക്കോഴി ലഭ്യത ഉറപ്പ് വരുത്തുവാനും കഴിയുന്നതാണ്. |
| (സി) | ഒന്നും രണ്ടും ഘട്ടങ്ങളിലായി നാളിതുവരെ എത്ര തുക പ്രസ്തുത പദ്ധതിക്കായി അനുവദിച്ചിട്ടുണ്ടെന്നും രണ്ടാം ഘട്ടത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (സി) | ഒന്നാംഘട്ടമായി 1,25,30,649/- രൂപ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായുള്ള ചർച്ചകൾ നടന്നു വരുന്നു. |
| (ഡി) | ഹാച്ചറിയുടെ പ്രവർത്തനം ആരഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും സ്പെഷ്യൽ ഓഫീസറെ നിയമിച്ചതിനുശേഷം ഉണ്ടായ പുരോഗതി എന്താണെന്നും വെളിപ്പെടുത്തുമോ? | (ഡി) | ഹാച്ചറിയുടെ പ്രാരംഭ പ്രവർത്തനത്തിന് വേണ്ട കെട്ടിട സൗകര്യങ്ങളും മറ്റും ലഭ്യമാക്കിയിട്ടുണ്ട്. പ്ലംബിംഗ് & ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പൂർത്തീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. കൂടാതെ ശുദ്ധ ജല ലഭ്യതയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഹാച്ചറിയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകുവാൻ ഒരു സ്പെഷ്യൽ ഓഫീസറെ സ്പെഷ്യൽ ഡ്യൂട്ടി വ്യവസ്ഥയിൽ നിയോഗിച്ചിരുന്നു. കണ്ണൂർ RAHC-യിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ എന്ന നിലയിൽ അധിക ജോലിഭാരമുള്ളതിനാൽ സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല നിർവഹിക്കാനുള്ള ബുദ്ധിമുട്ട് അദ്ദേഹം |

| | | | |
|---|---|---|---|
| | | | അറിയിച്ചിരുന്നു. കൂടാതെ ചർമ്മ മുഴ രോഗം, കുളമ്പ് രോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ്, വകുപ്പിന്റേയും, എൽ.എസ്.ജി.ഡി-യുടേയും പദ്ധതി നിർവഹണം എന്നിവ നടക്കുന്നതിനാൽ പുതിയ സ്പെഷ്യൽ ഓഫീസറെ കണ്ടെത്താൻ സാധിച്ചിട്ടുമില്ല. പുതിയ സ്പെഷ്യൽ ഓഫീസറെ കണ്ടെത്തുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ